# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3594. 17.10. 2011-ൽ മറുപടിയ്ക്ക്

## 108 ആംബുലൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ.<br>ശ്രീ. റ്റി എൻ. പ്രതാപൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വി.റ്റി.ബൽറാം. | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് എൻ. ആർ.എച്ച്. എം പദ്ധതിയുടെ ഭാഗമായി ആംബുലൻസ് വാങ്ങാനനുവദിച്ച ഫണ്ട് ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്ര രൂപ; വിശദവിവരം നൽകാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് എൻ.ആർ. എച്ച്.എം പദ്ധതിയുടെ ഭാഗമായി ആംബു ലൻസ് വാങ്ങാനനുവദിച്ച ഫണ്ട് ലാപ്സായിട്ടില്ല. |
| (ബി) | 108 ആംബുലൻസ് പദ്ധതി പ്രകാരം പുതുതായി ആംബുലൻസ് വാങ്ങാനുള്ള സംസ്ഥാന സർക്കാർ പദ്ധതി എപ്പോഴെങ്കിലും കേന്ദ്ര സർക്കാർ തള്ളിയിട്ടുണ്ടോ;എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഈ വർഷത്തെ സംസ്ഥാന എൻ.ആർ. എച്ച്. എം പദ്ധതിയിൽ ഇതിനായി തുക കേന്ദ്ര എൻ.ആർ.എച്ച്.എം അനു വദിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഏതെങ്കിലും ആംബു ലൻസുകൾ ഉപയോഗിക്കാനാവാത്ത സ്ഥിതി നിലവിൽ ഉണ്ടോ; മുൻപ് എപ്പോഴെങ്കിലും ഈ സ്ഥിതി ഉണ്ടായിട്ടുണ്ടോ; | (സി) | KEMP ന്റെ (കേരള എമർജൻസി മെഡി ക്കൽ സർവ്വീസസ് പ്രോജക്ട്) ഭാഗമായി ആലപ്പുഴ ജില്ലയിലേക്ക് വാങ്ങിയ 25 ആബുലൻസുകൾ ഏപ്രിൽ 2010 മുതൽ വിവിധ കാരണങ്ങളാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരുന്നു. എന്നാൽ ജി.ഒ.(ആർ.റ്റി) നം.882/2011/ ആ.കു.വ. തീയതി 1.03.2011 സർക്കാർ ഉത്തരവു പ്രകാരം ഈ ആംബുലൻസുകൾ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലേക്ക് താല്കാലികമായി വിന്യസിക്കുകയു ണ്ടായി എന്നാൽ 3.10.11-ലെ ജി.ഒ.(ആർ.റ്റി) 3471/11/ ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ഈ ആംബുലൻസുകൾ ആലപ്പുഴ പദ്ധതിയുടെ ഭാഗമായി തിരിച്ചെടുക്കുവാൻ ഉത്തരവായിട്ടുണ്ട്. |

(ഡി) 108 ആംബുലൻസ് സർവ്വീസ് നടത്തുന്ന കമ്പനികളെ സംബന്ധിച്ച യോഗ്യതാ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത മാറ്റങ്ങൾ പദ്ധതിയുടെ ഗുണഫലങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

(ഡി) 108 ആംബുലൻസ് പദ്ധതി നടത്തിപ്പിന്റെ പ്രവർത്തന ചെലവ് കുറയ്ക്കുവാനും, ആരോഗ്യപരമായ മത്സരം വർദ്ധിപ്പിക്കുവാനുമായി ഇന്ത്യയിലെ പ്രവൃത്തി പരിചയം എന്നതു മാറ്റി വിദേശപ്രവൃത്തി പരിചയം ഉള്ളവരെയും ടെൻഡറിൽ പങ്കെടുപ്പിക്കുകയും കൺസോർഷ്യം അനുവദിക്കുകയും ചെയ്തു. പ്രസ്തുത മാറ്റങ്ങൾ വിലയിരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.തിരുവനന്തപുരം ജില്ലയിലെ ഓപ്പറേറ്റിംഗ് ഏജൻസിയായ ചികിത്സ ഹെൽത്ത് കെയർ എന്ന സ്ഥാപനത്തിനെ തന്നെയാണ് ആലപ്പുഴ ജില്ലയിലേയ്ക്കും നിയോഗിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ